**<u>കേരള സംസ്ഥാന സഹകരണസംഘം രജിസ്ട്രാർ ആഫീസിലെ</u>**

**<u>ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) പുറപ്പെടുവിക്കുന്ന ഉത്തരവ്</u>.**

**<u>(ഹാജർ: ജയൻ.സി)</u>**

RCS/1387/2025-EA(5) **തിരുവനന്തപുരം, 20-08-2026**

വിഷയം: സഹകരണ വകുപ്പ് - ജീവനക്കാര്യം -ആഫീസ് അറ്റൻഡന്റ്-ന് എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

പരാമർശം:

1. 03.01.2014 തീയതിയിലെ ജി.ഒ.(പി) നം. 1/2014/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്
2. 19.07.2014 തീയതിയിലെ ജി.ഒ.(പി) നം. 21/2014/ ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്
3. 28.05.2015 തീയതിയിലെ ജി.ഒ.(പി) നം. 16/2015/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്
4. 28.09.2021 തീയതിയിലെ ജി.ഒ.(പി) നം. 8/2021/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്
5. 16.03.2023 തീയതിയിലെ ജി.ഒ.(പി) നം. 04/2023/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്
6. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)-ന്റെ 04.08.2026 തീയതിയിലെ RCS/4307/2026-EA(2) സീനിയോറിറ്റി ലിസ്റ്റ്.
7. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം)-ന്റെ 11.08.2026 തീയതിയിലെ RCS/4334/2026-EA(1) നമ്പർ ഉത്തരവ്
8. കോട്ടയം ജോയിന്റ് രജിസ്ട്രാർ(ജനറൽ) ടെ 18.08.2026 ലെ JRGKTM /6/2026-E നമ്പർ കത്ത്.
9. പാലക്കാട് ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) ടെ 01.06.2026 ലെ ഇ(1)/356/2026-E നമ്പർ കത്ത്
10. കൊല്ലം ജോയിന്റ് രജിസ്ട്രാർ(ജനറൽ) ടെ 31.07.2026 ലെ JRGKLM/2499/2026 -Eനമ്പർ കത്ത്.

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം വിവിധ വകുപ്പുകളിൽ ക്ലാർക്ക്, ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് ഉണ്ടാകുന്ന 10% ഒഴിവുകളിലേക്ക് ക്ലാസ്സ് I V സബോർഡിനേറ്റ് സർവ്വീസിൽപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന അനുവദിച്ചിട്ടുള്ള നിലവിലെ തസ്തിക മാറ്റത്തിന് പുറമേ യോഗ്യതയുടെയും സീനിയോരിറ്റിയുടേയും അടിസ്ഥാനത്തിൽ അതാത് വകുപ്പിലെ ജീവനക്കാർക്ക് അതാതു വകുപ്പിൽ ഉണ്ടാകുന്ന ടി തസ്തികയിലെ 1 0 % ഒഴിവുകളിൽ കൂടി തസ്തികമാറ്റം വഴി

സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ടി സാഹചര്യത്തിൽ ചുവടെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ്

സഹകരണ വകുപ്പിൽ ചുവടെ പരാമർശിക്കുന്ന ആഫീസ് അറ്റൻഡന്റമാർക്ക് ടിയാളുകളുടെ യോഗ്യതയുടെയും സീനിയോരിറ്റിയുടെയും ഒഴിവിന്റെയും അടിസ്ഥാനത്തിൽ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിൽ 19000-43600/- (പരിഷ്കരിച്ചത്-26500-60700/- ) രൂപ ശമ്പളനിരക്കിൽ തസ്തികമാറ്റം മുഖേന നിയമനം നൽകി ടിയാളുകളുടെ പേരിന് നേരെ കോളം 5-ൽ പറഞ്ഞിരിക്കുന്ന ഉദ്യോഗസ്ഥന്റെ നിയന്ത്രണത്തിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ. | പേര് | ജില്ല | നിലവിലെ നിയന്ത്രണ ഉദ്യോഗസ്ഥൻ | തസ്തികമാറ്റം നൽകി നിയമിക്കപ്പെടുന്ന നിയന്ത്രണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | SINDHU SREEDHARAN | ഇടുക്കി | ജോയിന്റ് രജിസ്ട്രാർ (ജനറൽ), ജോയിന്റ് രജിസ്ട്രാർ(ജനറൽ) ആഫീസ്, ഇടുക്കി | ജോയിന്റ് ഡയറക്ടർ (ആഡിറ്റ് ) ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസ്, പാലക്കാട് |
| 2 | REJIMON | കോട്ടയം | ജോയിന്റ് രജിസ്ട്രാർ (ജനറൽ), ജോയിന്റ് രജിസ്ട്രാർ(ജനറൽ) ആഫീസ്,കോട്ടയം | ജോയിന്റ് രജിസ്ട്രാർ (ജനറൽ) ജോയിന്റ് രജിസ്ട്രാർ(ജനറൽ) ആഫീസ്, കോട്ടയം |
| 3 | PRADEEP KUMAR.B | കൊല്ലം | ജോയിന്റ് രജിസ്ട്രാർ (ജനറൽ), ജോയിന്റ് രജിസ്ട്രാർ(ജനറൽ) ആഫീസ്,കൊല്ലം | ജോയിന്റ് രജിസ്ട്രാർ (ജനറൽ) ജോയിന്റ് രജിസ്ട്രാർ(ജനറൽ) ആഫീസ്, കൊല്ലം |

തസ്തിക മാറ്റം മുഖേന നിയമനം നേടിയ ഉദ്യോഗസ്ഥർ ടി ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥന് മുമ്പാകെ ജോലിക്ക് ഹാജരാകേണ്ടതാണ്. ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർ 3 വർഷത്തെ തുടർച്ചയായ സേവനത്തിൽ 2 വർഷം പ്രൊബേഷനിൽ ആയിരിക്കും.ടി നിയമനം സർക്കാരിൽ നിന്നും ലഭിക്കുന്ന സ്പഷ്ടീകരണത്തിന് വിധേയമായി നിയമനാധികാരി പുന:പരിശോധിക്കുന്നതായിരിക്കും. ടി തസ്തികയിൽ നിർദ്ദിഷ്ട തിയതിക്കുള്ളിൽ റിലിൻക്വിഷ് ചെയ്യാനുള്ള അവകാശവും ഉദ്യോഗസ്ഥർക്ക് ഉണ്ടായിരിക്കുന്നതാണ്.

തസ്തികമാറ്റം മുഖേന നിയമനം അനുവദിക്കുന്നതിന് പരാമർശം (1) മുതൽ (4)

വരെയുള്ള സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ കൂടാതെ മാനുവൽ ഓഫ് ഓഫീസ് പ്രോസീജിയർ വിജയിച്ചിരിക്കേണ്ടതാണെന്ന് പരാമർശം (5) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. നിലവിൽ താഴ്ന്ന വിഭാഗം തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് തസ്തികമാറ്റ നിയമനത്തിനുള്ള മാനുവൽ ഓഫ് ഓഫീസ് പ്രോസിജീയർ ടെസ്റ്റ് യോഗ്യത നേടുന്നതിന് പരാമർശം (5) ഉത്തരവ് പ്രകാരം രണ്ടു വർഷത്തെ ഇളവിന് അർഹതയുണ്ടായിരിക്കുന്നതാണ്. പ്രസ്തുത സമയപരിധിക്കുള്ളിൽ തസ്തികമാറ്റത്തിന് മറ്റു തരത്തിൽ യോഗ്യരായവർ മേൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ മാനുവൽ ഓഫ് ഓഫീസ് പ്രോസിജീയർ വിജയിച്ചില്ല എങ്കിൽ മുൻ തസ്തികയിലേയ്ക്ക് റിവേർട്ട് ചെയ്യുന്നതാണ്.

തസ്തിക മാറ്റം മുഖേന ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും നിലവിലെ നിയന്ത്രണാധികാരിയുടെ വിടുതൽ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്. ടി ജീവനക്കാരനെ നിലവിലെ തസ്തികയിൽ നിന്നും വിടുതൽ ചെയ്യുന്നതിന് മുമ്പും, പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പും അവർ എസ്.എസ്.എൽ.സി./തത്തുല്യം, പരീക്ഷകൾ പാസ്സായിട്ടുണ്ടോയെന്ന് ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. ടി ഉദ്യോഗസ്ഥനെ വിടുതൽ ചെയ്തതും ജോലിയിൽ പ്രവേശിച്ചതുമായ വിവരം നിയന്ത്രണ ഉദ്യോഗസ്ഥൻ യഥാസമയം ഈ ആഫീസിനെ അറിയിക്കേണ്ടതാണ്.

ഒപ്പ്)
Jayan C
ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)

**<u>വ്യക്തിക്ക്:-</u>** (നിയന്ത്രണ ഉദ്യോഗസ്ഥൻ മുഖേന)

**<u>പകർപ്പ്</u>**

1. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
2. ജോയിന്റ് രജിസ്ട്രാർ (ജനറൽ), കൊല്ലം
3. ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), പാലക്കാട്
4. ജോയിന്റ് രജിസ്ട്രാർ (ജനറൽ), കോട്ടയം
5. ഇ.എ. (2) സെക്ഷൻ,
6. സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

Digitally signed by
Manu. V. R
Date: 20-08-2026
16:51:35

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.എ)